"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## ധനകാര്യ(എൻ.പി.എസ് സെൽ)വകുപ്പ്

## പരിപത്രം

നം.90/2022/ധന

തിരുവനന്തപുരം, തിയ്യതി : 31.10.2022

വിഷയം :- ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് രാജി വച്ചതോ/മരണപ്പെട്ടതോ/ വിരമിച്ചതോ ആയ ജീവനക്കാരുടെ രാജി / മരണാനന്തര /വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് സാക്ഷ്യപത്രവും ആവശ്യമായ രേഖകളും ട്രഷറിയിൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. സ.ഉ(പി)നം.20/2013/ധന. തിയ്യതി : 07.01.2013
2. പി.എഫ്.ആർ.ഡി.എ (Exits & Withdrawals under the National Pension System) റഗുലേഷൻസ് 2015
3. സ.ഉ(പി)നം.135/2021/ധന. തിയ്യതി : 07.10.2021

സംസ്ഥാനത്ത് കെ എസ് ആർ ഭാഗം III പെൻഷൻ ബാധകമായിരുന്ന വിഭാഗങ്ങളിൽ 01.04.2013-നോ അതിനു ശേഷമോ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് സർക്കാർ സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിൽ തുടരവേ മരണപ്പെടുകയോ സേവനത്തിൽ നിന്ന് വിരമിക്കുകയോ ചെയ്യുന്ന ജീവനക്കാരുടെ മരണാനന്തര/വിരമിക്കൽ ആനുകൂല്യങ്ങൾ സുഗമമാക്കുന്നതിനായി ടി ജീവനക്കാരുടെ അവസാന മാസത്തെ ശമ്പളത്തിൽ നിന്നും എൻ.പി.എസ് വ്യക്തിഗത വിഹിതം കിഴിവ് ചെയ്ത് പ്രാൺ അക്കൗണ്ടിൽ അടവാക്കേണ്ടതില്ലെന്നും മറിച്ച്, ആ മാസത്തെ ജീവനക്കാരന്റെ വിഹിതവും സർക്കാർ/സ്ഥാപന വിഹിതവും അവസാന മാസ ശമ്പളത്തോടൊപ്പം ജീവനക്കാരന് നേരിട്ട് ലഭ്യമാക്കണമെന്നും സൂചന 2 പ്രകാരം പി.എഫ്.ആർ.ഡി.എ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനോടനുബന്ധമായി, ഏതെങ്കിലും കാരണവശാൽ പ്രാൺ അക്കൗണ്ട് ക്ലോസ് ചെയ്ത ശേഷം ജീവനക്കാരൻ സേവനമനുഷ്ഠിച്ച കാലയളവിലെ അടിസ്ഥാന ശമ്പളവും ക്ഷമ ബത്തയും ചേർന്ന തുകയിൽ എന്തെങ്കിലും കുടിശ്ശിക ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുകയിൽ നിന്നും വിഹിതം ഈടാക്കേണ്ടതില്ലെന്നും എൻ.പി.എസ് വിഹിതത്തിന് ആനുപാതികമായ സർക്കാർ വിഹിതം ജീവനക്കാരന്റെ ബാങ്ക്/TSB അക്കൗണ്ടിലേക്ക് അടവാക്കേണ്ടതാണെന്നും സൂചന 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായി സേവനത്തിൽ തുടരവേ രാജി വച്ചതോ/മരണപ്പെട്ടതോ/വിരമിച്ചതോ ആയ ജീവനക്കാരുടെ രാജി/മരണ/വിരമിക്കൽ വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്തിയ ശേഷമായിരിക്കണം ജീവനക്കാരുടെ രാജി/മരണ/വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഡി.ഡി.ഒ അപേക്ഷ ട്രഷറിയിൽ സമർപ്പിക്കേണ്ടത്. എന്നാൽ വിവിധ വകുപ്പുകളിൽ നിന്നും ഇത്തരത്തിൽ ജീവനക്കാരുടെ രാജി/

മരണാനന്തര/വിരമിക്കൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് വേണ്ടി ട്രഷറിയിൽ അപേക്ഷ സമർപ്പിക്കുന്നതിന് മുൻപായി സ്പാർക്കിൽ ടി ജീവനക്കാരുടെ **Resignation (Premature Exit)/Death/Superannuation** വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുന്നതും ആവശ്യമായ രേഖകൾ ഇല്ലാതെ ട്രഷറിയിൽ അപേക്ഷ സമർപ്പിക്കുന്നതും മൂലം നിരവധി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഇത്തരം പിഴവുകൾ ഒഴിവാക്കുന്നതിനായും പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായും ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് രാജി വച്ചതോ/മരണപ്പെട്ടതോ/വിരമിച്ചതോ ആയ ജീവനക്കാരുടെ **Resignation (Premature Exit)/Death/Superannuation** വിവരങ്ങൾ സ്പാർക്കിൽ ഡി.ഡി.ഒ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ രേഖപ്പെടുത്തിയ ശേഷം മാത്രമായിരിക്കണം രാജി/മരണാനന്തര/വിരമിക്കൽ ആനുകൂല്യങ്ങൾ ജീവനക്കാരന്റെ/അവകാശിയുടെ, ബാങ്ക്/TSB അക്കൗണ്ടിലേക്ക് നൽകുന്നതിനായി അവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ഡി.ഡി.ഒ അപേക്ഷ ട്രഷറിയിൽ സമർപ്പിക്കേണ്ടത്.

കൂടാതെ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് രാജി വച്ചതോ/മരണപ്പെട്ടതോ വിരമിച്ചതോ ആയ ജീവനക്കാരുടെ രാജി/മരണാനന്തര/വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി ട്രഷറിയിൽ അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം രാജി സമർപ്പിച്ച ജീവനക്കാരുടെ കാര്യത്തിൽ അനുബന്ധം 1 സത്യവാങ്മൂലവും മരണപ്പെട്ട ജീവക്കാരുടെ കാര്യത്തിൽ അനുബന്ധം 2-ഉം വിരമിച്ച ജീവനക്കാരുടെ കാര്യത്തിൽ അനുബന്ധം 3-ഉം കൂടി ബന്ധപ്പെട്ട ഡി.ഡി.ഒ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. മരണപ്പെട്ട ജീവനക്കാരുടെ കാര്യത്തിൽ ഒന്നിലേറെ അവകാശികൾ ഉള്ള സാഹചര്യത്തിൽ ഓരോ അവകാശിയും അനുബന്ധം 2 പ്രത്യേകം പ്രത്യേകം സമർപ്പിക്കേണ്ടതാണ്. മരണപ്പെട്ടതോ/വിരമിച്ചതോ/രാജി വച്ചതോ ആയ ജീവനക്കാർക്ക്, സേവനമനുഷ്ഠിച്ച കാലയളവിലെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ കുടിശ്ശിക വിതരണം ചെയ്യുന്ന അവസരത്തിൽ ബന്ധപ്പെട്ട ഡി.ഡി.ഒ മേൽ കുടിശ്ശികത്തുകയിൽ നിന്നും എൻ.പി.എസ് വ്യക്തിഗത വിഹിതം ഈടാക്കേണ്ടതില്ല. ഇത്തരത്തിൽ കുടിശ്ശിക ആനുകൂല്യങ്ങൾ നൽകേണ്ടി വരുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഡി.ഡി.ഒ-യുടെ അനുബന്ധത്തോടൊപ്പം സമർപ്പിക്കുന്ന അപേക്ഷ പ്രകാരം പ്രസ്തുത ജീവനക്കാരുടെ വ്യക്തിഗത വിഹിതത്തിന്റെ ആനുപാതികമായ സർക്കാർ വിഹിതം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് **2071-01-117-97** എന്ന ശീർഷകത്തിൽ നിന്നും, അഖിലേന്ത്യാ സർവ്വീസ് ജീവനക്കാർക്ക് **2071-01-117-99** എന്ന ശീർഷകത്തിൽ നിന്നും ട്രഷറി ഓഫീസർമാർ വകയിരുത്തി ജീവനക്കാരന്റെ/നോമിനിയുടെ ബാങ്ക്/TSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്.

**ഷിബു.എ**
**അഡീഷണൽ സെക്രട്ടറി**

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് (ഓഡിറ്റ് II), തിരുവനന്തപുരം
സ്പാർക്ക് പി.എം.യു, തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും/സ്ഥാപന മേധാവികൾക്കും/ഭരണ വകുപ്പുകൾക്കും
ധനകാര്യ (പെൻഷൻ - എ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ - 1944513)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

## അനുബന്ധം I

## പങ്കാളിത്ത പെൻഷൻ പദ്ധതി (NPS)

## സത്യവാങ്മൂലം

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായി കേരള സർക്കാർ സർവ്വീസിൽ സേവനത്തിൽ തുടരവെ രാജി സമർപ്പിച്ച ശ്രീ/ശ്രീമതി..............................................(പേര്, പെൻ) എന്നയാളുടെ രാജി സംബന്ധിച്ച വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഡി.ഡി.ഒ- യുടെ ഒപ്പ്

പേര് :

പെൻ :

ഡി.ഡി.ഒ രജിസ്ട്രേഷൻ നമ്പർ :

(പ്രത്യേക ശ്രദ്ധയ്ക്ക്): ഇതോടൊപ്പം ജീവനക്കാരന്റെ/ജീവനക്കാരിയുടെ പ്രാൺ കാർഡിന്റെ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്.

## അനുബന്ധം II
## പങ്കാളിത്ത പെൻഷൻ പദ്ധതി (NPS)

.........................................................................(ഓഫീസിന്റെ പേര്) സേവനമനുഷ്ഠിച്ച വരവെ..................................................(DD-MM-YYYY) തിയ്യതിയിൽ മരണപ്പെട്ട ..................................................................... എന്നയാളുടെ ..................................................... **(DD-MM-YYYY)** തിയ്യതി മുതൽ .........................................................**(DD-MM-YYYY)** തിയ്യതി വരെയുള്ള എൻ.പി.എസ് സർക്കാർ വിഹിതം ട്രഷറിയിൽ നിന്നും നോമിനിയുടെ/അവകാശിയുടെ, ബാങ്ക്/**TSB** അക്കൗണ്ടിലേക്ക് (സർക്കുലർ നമ്പർ) പ്രകാരം ട്രാൻസ്ഫർ ചെയ്തു നൽകുന്നതിന് വേണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തസ്തിക :
സ്ഥാപനം :
പെൻ :
പ്രാൺ :
ഡി.ഡി.ഓ രജിസ്ട്രേഷൻ നമ്പർ :
അവസാന ശമ്പള ബില്ലിലെ അടിസ്ഥാന ശമ്പളവും
ക്ഷാമബത്തയും ചേർന്ന തുകയുടെ 10 % :
നോമിനി/അവകാശിയുടെ പേര് :
നോമിനി/അവകാശിയുടെ ഫോൺ നമ്പർ :
നോമിനി/അവകാശിയുടെ ബാങ്ക് അക്കൗണ്ട് നമ്പർ :
ബാങ്കിന്റെ പേര്, ബ്രാഞ്ച് :
ബ്രാഞ്ചിന്റെ ഐ.എഫ്.എസ്.സി :

(ഒപ്പ്) (ഒപ്പ്)

നോമിനി/അവകാശി ഡി.ഡി.ഒ

## സത്യവാങ്മൂലം

.............................................(ഓഫീസിന്റെ പേര്) സേവനമനുഷ്ഠിച്ച വരവെ.................................... (DD-MM-YYYY) തിയ്യതിയിൽ മരണപ്പെട്ട ............................................................................... (പേര്, പെൻ) എന്നയാളുടെ മരണ സംബന്ധമായ വിവരം സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഡി.ഡി.ഒ-യുടെ ഒപ്പ്

പേര്

പെൻ

(പ്രത്യേക ശ്രദ്ധക്ക്): ഇതോടൊപ്പം നോമിനി/അവകാശിയുടെ ഒരു അംഗീകൃത ID കാർഡ്, ബാങ്ക് പാസ്സ് ബുക്ക്/ചെക്ക് ലീഫ് എന്നിവയുടെ പകർപ്പ്, ജീവനക്കാരൻ/ജീവനക്കാരിയുടെ മരണ സർട്ടിഫിക്കറ്റ്, അവസാന ശമ്പള ബില്ല്/സാലറി സ്ലിപ് എന്നിവയുടെ പകർപ്പ് ഇവ കൂടി സമർപ്പിക്കേണ്ടതാണ്.

## അനുബന്ധം III
## പങ്കാളിത്ത പെൻഷൻ പദ്ധതി (NPS)

...............................................(DD-MM-YYYY) തിയ്യതിയിൽ.......................................
(ഓഫീസിന്റെ പേര്) നിന്ന് വിരമിച്ച ശ്രീ/ശ്രീമതി.............................................എന്നയാളുടെ എൻ.പി.എസ് സർക്കാർ വിഹിതം ട്രഷറിയിൽ നിന്നും ജീവനക്കാരന്റെ/ജീവനക്കാരിയുടെ ബാങ്ക്/**TSB** അക്കൗണ്ടിലേക്ക് (സർക്കുലർ നമ്പർ) പ്രകാരം ട്രാൻസ്ഫർ ചെയ്തു നൽകുന്നതിന് വേണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തസ്തിക | : |
| സ്ഥാപനം | : |
| പെൻ | : |
| പ്രാൺ | : |
| ഡി.ഡി.ഓ രജിസ്ട്രേഷൻ നമ്പർ | : |
| അവസാന ശമ്പള ബില്ലിലെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർന്ന തുകയുടെ 10 % | : |
| ജീവനക്കാരന്റെ/ജീവനക്കാരിയുടെ ഫോൺ നമ്പർ | : |
| ജീവനക്കാരന്റെ/ജീവനക്കാരിയുടെ ബാങ്ക് അക്കൗണ്ട് നമ്പർ | : |
| ബാങ്കിന്റെ പേര്, ബ്രാഞ്ച് | : |
| ബ്രാഞ്ചിന്റെ ഐ.എഫ്.എസ്.സി | : |

(ഒപ്പ്)

(ഒപ്പ്)

അപേക്ഷകൻ

ഡി.ഡി.ഒ

## സത്യവാങ്മൂലം

............................................................................(DD-MM-YYYY) തിയ്യതിയിൽ.................................
..................(ഓഫീസിന്റെ പേര്) നിന്നും വിരമിച്ച ശ്രീ/ശ്രീമതി.......................................... .(പേര്, പെൻ) എന്നയാളുടെ വിരമിക്കൽ സംബന്ധമായ വിവരം സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഡി.ഡി.ഒ-യുടെ ഒപ്പ്

പേര്

പെൻ

(പ്രത്യേക ശ്രദ്ധക്ക്): ഇതോടൊപ്പം ജീവനക്കാരന്റെ/ജീവനക്കാരിയുടെ ഒരു അംഗീകൃത ഐ.ഡി കാർഡ്, ബാങ്ക് പാസ്സ് ബുക്ക് /ചെക്ക് ലീഫ്, അവസാന ശമ്പള ബില്ല്/സാലറി സ്ലിപ്പ് എന്നിവയുടെ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്.